# വുദ്വൂഇന്റെ രൂപം

**1. നിയ്യത്ത് കരുതുക:**

നിയ്യത്തിൻെറ സ്ഥാനം ഹൃദയമാകുന്നു. അത് ചൊല്ലി പറയൽ ബിദ്അത്താണ്. നിയ്യത്ത് അമലുകൾ സ്വീകരിക്കുവാനുള്ള ശർത്വാകുന്നു. അല്ലാഹുവിൻെറ റസൂൽ(ﷺ) പറഞ്ഞു:

( إِنَّما الأعمالُ بالنيات وَإِنَّما لكُلِّ امْرِئٍ مَا نَوى )

‘തീർച്ചയായും കർമ്മങ്ങൾ (സ്വീകരിക്കപ്പെടുന്നത്) നിയ്യത്തുകൾ കൊണ്ട് മാത്രമാണ്. ഓരോ മനുഷ്യനും താൻ എന്താണോ നിയ്യത്ത് ചെയ്തത് അതാണുള്ളത്.’ (ബുഖാരി)

**2. ‘ബിസ്മി’ ചൊല്ലൽ:**

വുദ്വൂഇൻെറ അവസരത്തിൽ ‘ബിസ്മി’ ചൊല്ലേണ്ടതാകുന്നു. ചില പണ്ഡിതന്മാർ ‘ബിസ്മി’ ചൊല്ലൽ വാജിബാണെന്ന് അഭിപ്രായപ്പെട്ടിരിക്കുന്നു. അല്ലാഹുവിൻെറ റസൂൽ(ﷺ) പറഞ്ഞു:

(لا صلاةَ لمنْ لا وُضوءَ لَهُ وَلاَ وُضُوءَ لمنْ لم يذكُرْ اسمَ اللهِ عَلَيهِ)

‘വുദ്വൂഅ് ഇല്ലാത്തവന് നമസ്കാരമില്ല, ആരംഭത്തിൽ അല്ലാഹുവിൻെറ നാമം സ്മരിക്കാത്തവന് (പൂർണ്ണ) വുദ്വൂഅ് ഇല്ല.’ (അഹ്മദ്, അബൂദാവൂദ്)

പണ്ഡിതന്മാരിൽ മറ്റൊരു വിഭാഗം ‘ബിസ്മി’ ചൊല്ലൽ സുന്നത്താണെന്ന് അഭിപ്രായപ്പെട്ടിരിക്കുന്നു. ഏതായാലും നാം ‘ബിസ്മി’ കൊണ്ട് ആരംഭിക്കുകയാണ് വേണ്ടത്, എന്നാൽ അറിവില്ലാതെയോ മറന്നോ ഒരാൾ ‘ബിസ്മി’ ഉപേക്ഷിച്ചാൽ പ്രശ്നമില്ല.

**3. വുദ്വൂഇൻെറ ആദ്യത്തിൽ മുൻകൈകൾ മൂന്നു പ്രാവശ്യം കഴുകൽ:**




മുൻകൈകൾ രണ്ടും കഴുകിക്കൊണ്ട് വുദ്വൂഅ് ആരംഭിക്കുക. അല്ലാഹുവിൻെറ റസൂൽ(ﷺ) മൂന്ന് പ്രാവശ്യം മുൻകൈകൾ കഴുകുന്നത് കണ്ടതായി ഔസ് ഇബ്നു അബീ ഔസ്(رضي الله عنه) തൻെറ പ്രപിതാവിൽ നിന്ന് റിപ്പോർട്ട് ചെയ്യുന്ന ഹദീഥിൽ കാണാം. കൈവിരലുകൾ ഇടകോർത്തു കഴുകൽ സുന്നത്താകുന്നു. അല്ലാഹുവിൻെറ റസൂൽ(ﷺ) പറഞ്ഞു:

( إذا قُمتَ إِلى الصلاةِ فَأَسْبِغِ الْوُضُوءَ وَاجْعَلِ الْمَاءَ بَيْنَ أَصَابِعِ يَدَيْكَ وَرِجْلَيْكَ )

‘നിങ്ങൾ നമസ്കരിക്കുവാൻ ഉദ്ദേശിച്ചാൽ വുദ്വൂഅ് എടുക്കുക, കൈകാലുകളുടെ വിരലുകൾക്കിടയിൽ വെള്ളം ചേർത്ത് കഴുകുകയും ചെയ്യുക.’ (ഇബ്നു മാജഃ)

**4. വായിൽ വെള്ളം ചുഴറ്റി തുപ്പലും മൂക്കിൽ വെള്ളം കയറ്റി ചീറ്റലും:**

അല്ലാഹുവിൻെറ റസൂൽ(ﷺ) പറഞ്ഞു:

( فَمَضْمِضْ وَاستَنشِقْ وَاستَنْثِرْ مِنْ ثَلاثِ غرفاتٍ )

‘നീ മൂന്നു കോരൽ വെള്ളംകൊണ്ട് വായിൽ വെള്ളം കൊള്ളുകയും മൂക്കിൽ വെള്ളം കയറ്റി ചീറ്റുകയും ചെയ്യുക’ (അബൂ ദാവൂദ്)








വുദ്വൂഇൻെറ അവസരത്തിൽ മിസ്‌വാക്ക് ചെയ്യൽ സുന്നത്താകുന്നു.

### 5. മുഖം മൂന്ന് പ്രാവശ്യം കഴുകുക:

മുഖം കഴുകേണ്ടത് തലയിൽ മുടിമുളച്ച് തുടങ്ങുന്ന ഭാഗം മുതൽ താടിയെല്ലിൻെറ താഴ്ഭാഗംവരേയും, രണ്ട് ചെവിക്കുറ്റികൾക്കിടയിലുള്ള ഭാഗവുമാകുന്നു.






അല്ലാഹു(ﷻ) പറഞ്ഞു:

... فاغسلوا وجوهكم ...

((.......അപ്പോൾ നിങ്ങൾ നിങ്ങളുടെ മുഖങ്ങളെ കഴുകുക.........)) താടിരോമങ്ങൾക്കിടയിൽ വിരൽ കോർത്ത് വെള്ളം ചേർത്ത് കഴുകൽ പ്രവാചകൻ(ﷺ)യുടെ സുന്നത്തിൽ പെട്ടതാകുന്നു.

### 6. രണ്ടുകൈകൾ മുട്ടുകൾ ഉൾപ്പെടുത്തി മൂന്ന് പ്രാവശ്യം കഴുകുക:

കൈവിരൽ തുമ്പുകൾ മുതൽ മുട്ടിൻെറ അറ്റം വരെ കഴുകണം; അല്ലാഹുവിൻെറ റസൂൽ(ﷺ) വുദ്വൂഅ് ചെയ്തതിൻെറ രൂപം ഉഥ്മാൻ ഇബ്നു അഫ്ഫാൻ(رضي الله عنه) വിവരിക്കുന്നത് ഇപ്രകാരമാണ്.





**7. തലമുഴുവനും രണ്ട് ചെവികൾ ഉൾപ്പെടുത്തി ഒരു തവണ തടവുക:**

തലയുടെ മുൻഭാഗം മുതൽ പിരടി വരെ തടവുക, ശേഷം തടവ ൽ ആരംഭിച്ചിടത്തേക്ക് തിരിച്ച് തടവുക. പ്രവാചകൻ(ﷺ)യുടെ വുദ്വൂവിനെ ക്കുറിച്ച് അബ്ദുല്ലാഹ് ഇബ്നു സെയ്ദ്(ؓ) വിവരിച്ചത് ഇപ്രകാരമാകുന്നു.

അതിന് ശേഷം ചെവിതടവുക, പ്രവാചകൻ(ﷺ)യുടെ വുദ്വൂവിനെക്കുറിച്ച് അബ്ദുല്ലാഹ് ഇബ്നു ഉമർ(ؓ) വിവരിച്ചത് ഇപ്രകാരമാകുന്നു:

( ثُمَّ مَسح برأسِهِ ، فَأَدخَلَ إِصْبَعَيْهِ السباحتين فِي أُذُنَيهِ، وَمَسَحَ بِإِبْهَامَيْهِ عَلى ظَاهِرِ أُذُنَيْهِ وبالسباحتَيْنِ بَاطِنَ أُذُنَيْهِ )

(പ്രവാചകൻ(ﷺ) വുദ്വൂ ചെയ്യുന്ന അവസരത്തിൽ) തല തടവി, പിന്നീട് ചൂണ്ടുവിരലുകൾ രണ്ടുചെവികൾക്കുള്ളിൽ പ്രവേശിപ്പിച്ചു. തൻെറ തള്ളവിരലുകൾ കൊണ്ട് ചെവികൾക്ക് പുറത്തും ചൂണ്ടുവിരലുകൾ കൊണ്ട് ചെവിയുടെ ഉൾഭാഗവും തടവി. (അബൂ ദാവൂദ്)









**8. രണ്ടുകാലുകൾ നെരിയാണികൾ ഉൾപ്പെടുത്തി കഴുകൽ:**

പ്രവാചകൻ(ﷺ)യുടെ ചര്യയനുസരിച്ച് കാല് കഴുകുമ്പോൾ മേൽ ഭാഗവും അടിഭാഗവും കഴുകണം. ഉഥ്മാൻ ഇബ്നു അഫ്ഫാൻ(ؓ)വിൽ നിന്ന് നിവേദനം:

( ثمّ غسلَ رجلَهُ اليمنَى إلى الكعبين ثلاثَ مرّاتٍ ثُمّ غسلَ اليُسرى مثلَ ذلك )

'പിന്നീട് പ്രവാചകൻ(ﷺ) തൻെറ വലതുകാൽ ഞെരിയാണിയുൾപ്പെടുത്തി മൂന്ന് തവണ കഴുകി, ശേഷം ഇടതുകാലും അപ്രകാരം കഴുകി.' (മുസ്ലിം)




**തയ്യാറാക്കിയത്:**

**അബ്ദുൽ ജബ്ബാർ അബ്ദുല്ല**

**അവലംബം:**

*ശൈഖ് മുഹമ്മദ് ഇബ്നു സ്വാലിഹ് അൽ ഉഥൈമീന്റെ 'അശ്ശറഹുൽ മുംതിഅ്'*
*ശൈഖ് സാലിഹ് ഇബ്നു ഫൗസാൻ അൽ ഫൗസാന്റെ 'അൽ മുലഖ്ഖസ്വുൽ ഫിഖ്ഹി'*
*ശൈഖ് സഈദ് ഇബ്നു മിസ്ഫിർ അൽഖഹ്ത്വാനിയുടെ 'സ്വലാതുൽ മുഅ്മിൻ'*
*ശൈഖ് ഇബ്രാഹീം ഇബ്നു മുഹമ്മദ് അദ്ദുവയ്യാന്റെ 'മനാറുസ്സബീൽ'*
*അബ്ദുല്ലാഹ് ഇബ്നു മുഹമ്മദ് അത്വയ്യാറിന്റെ 'കിതാബുസ്സ്വലാത്'*